# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

04.02.2013-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 26

## മദ്യത്തിന്റെ ഉപഭോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ.എൻ.ജയരാജ്<br>ശ്രീ.പി.സി.ജോർജ് | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

---

(എ) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറയ്ക്കുന്നതിന് ക്രിയാത്മകമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(എ) മദ്യത്തിൽ നിന്നുള്ള വരുമാനം, ഒരു മുഖ്യ വരുമാന സ്രോതസ്സായി കണക്കാക്കാതെ, മദ്യ/ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്, എക്സൈസ് വകുപ്പ്, ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവ് നാടകങ്ങൾ മുതലായവ നടത്തി വരുന്നു. ബോധവൽക്കരണ സന്ദേശം ഉൾക്കൊള്ളുന്ന ജാലവിദ്യാ പ്രകടനവും, എഫ്.എം. റേഡിയോ, ആകാശവാണി വഴിയുള്ള പ്രചരണം എന്നിവയും നടത്തുകയുണ്ടായി. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്ന പേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനായി, സ്കൂളുകൾ കേന്ദ്രീകരിച്ച്, ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസ്സുകൾ എന്നിവ നടത്തി വരുന്നു. മദ്യത്തിന്റെ അമിത വ്യാപനം തടയുന്നതിനായി, പുതിയ മദ്യ ഷാപ്പുകൾ(എഫ്.എൽ.1 ഷോപ്പുകൾ) അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. മദ്യം വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 ആയി ഉയർത്തി. ബാർ ഹോട്ടലുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ കണ്ട് വെട്ടിക്കുറയ്ക്കുകയും, ത്രീ സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നത് നിർത്തലാക്കുകയും ചെയ്തു. 2012-13 മുതൽ ഫോർ

സ്റ്റാർ/ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് അനുവദിയ്ക്കുകയുള്ളൂ എന്നും, പുതിയ ബാർ ലൈസൻസുകൾ അനുവദിക്കുമ്പോൾ, പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അതിർത്തികളിൽ ഒരു കിലോമീറ്ററും, നിലവിലുള്ള ബാർ ഹോട്ടലിൽ നിന്ന് പുതിയതായി അനുവദിക്കുന്ന ബാർ ഹോട്ടലുകൾക്ക് ദൂരപരിധി വേണമെന്ന നിബന്ധനയും ഏർപ്പെടുത്തി. എന്നാൽ, കോടതി വിധികളുടെ പശ്ചാത്തലത്തിൽ ഇവ പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

| | |
|---|---|
| (ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വരുത്താൻ സാധിച്ചുവോ; ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മദ്യോപഭോഗത്തിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്: | (ബി) മുൻ വർഷങ്ങളെ അപേക്ഷിച്ച് മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷത്തിൽ 21% വാർഷിക വില്പന വളർച്ചാ നിരക്ക് രേഖപ്പെടുത്തിയിരുന്ന ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പന, 2011-12 വർഷത്തിൽ 17 % ആയും, 2012-13 വർഷം 14% ആയും കുറയുകയുണ്ടായി. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച്, മദ്യോപഭോഗത്തിൽ കേരളത്തിന്റെ സ്ഥാനം എത്രയാണെന്ന് കണക്കാക്കിയിട്ടില്ല. |
| (സി) മദ്യോപഭോഗം കുറയ്ക്കുവാനാവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകളും മറ്റു പരിപാടികളും എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സംസ്ഥാനത്തെ 140 അസംബ്ലി നിയോജകമണ്ഡലങ്ങളിലായി, 2011-12 വർഷത്തിൽ 306 മദ്യ / ലഹരി വിരുദ്ധ ബോധവൽക്കരണ സ്കൂൾ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 2012-13 വർഷത്തിൽ 500 പുതിയ മദ്യ/ലഹരി വിരുദ്ധ സ്കൂൾ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, ഓരോ സ്കൂളുകളിലും രൂപീകരിച്ചിട്ടുള്ള മദ്യ/ലഹരി വിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ, അതാത് സ്കൂളുകളിൽ കൈയ്യെഴുത്ത് മാസിക, പോസ്റ്റർ മത്സരം, ഉപന്യാസ മത്സരം, മറ്റ് കലാപരിപാടികൾ എന്നിവ മദ്യ/ലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി നടത്തി വരുന്നു. ബോധവൽക്കരണ ക്ലബ്ബുകൾ രൂപീകരിച്ച്, സെമിനാറുകൾ, പോസ്റ്ററുകൾ, ഉപന്യാസ മത്സരം, ചിത്രരചനാ മത്സരം, വിദഗ്ദ്ധ ഡോക്ടർമാർ കൈകാര്യം ചെയ്യുന്ന ക്ലാസ്സുകൾ, തെരുവ് നാടകങ്ങൾ, ജാഥകൾ, കൂട്ടഓട്ടം, റാലികൾ, സി.സി.ടി.വി-കൾ വഴിയുള്ള പരസ്യങ്ങൾ എന്നിവ ആദിവാസി മേഖലകൾ, കോളനി പ്രദേശങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശങ്ങൾ എന്നിവിടങ്ങളിലെല്ലാം നടത്തി വരുന്നു. സ്റ്റുഡന്റ് പോലീസ് കേഡറ്റ് നടപ്പിലാക്കിയിട്ടുള്ള 247 സ്കൂളുകളിൽ, ലഹരി വിരു |

ദ്ധ ബോധവർക്കരണ പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കുടുംബശ്രീ, എൻ.എസ്.എസ്., ഈ കർമ്മ രംഗത്തുള്ള വിവിധ N.G.O.കൾ എന്നിവരുടെ സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു.വരുന്നു.

സെക്ഷൻ ഓഫീസർ.